**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോളേജ് അധ്യാപകർക്ക് പി. എച്ച്.ഡി. ഗൈഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ്, കേരള, എം. ജി സർവകലാശാലകളിൽ പി.ജി. ഇല്ലാത്ത വകുപ്പുകളിൽ ഡിഗ്രി പഠിപ്പിക്കുന്ന കോളേജ് അധ്യാപകർക്ക് പി. എച്ച് .ഡി. ഗൈഡ് ഷിപ്പ് അനുവദിക്കുന്നുണ്ടോ; | (എ) | കാലിക്കറ്റ്, കേരള, എം. ജി സർവകലാശാലകളിൽ റഗുലർ അധ്യാപകർക്ക് യോഗ്യതകൾ ഉള്ള പക്ഷം അതാത് വിഷയങ്ങളിൽ ഗൈഡ്ഷിപ്പ് അനുവദിക്കുന്നുണ്ട്. |
| (ബി) | കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട അധ്യാപകർക്ക് ഗൈഡ് ഷിപ്പ് അനുവദിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ണൂർ സർവ്വകലാശാല, സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമായ നിലപാട് കൈകൊള്ളാൻ കാരണമെന്താണ്; നിലപാട് പുന:പരിശോധിക്കാൻ സർവ്വകലാശാലയോട് ആവശ്യപ്പെടുമോ; | (ബി) | UGC (Minimum Standards and Procedures for Award of Ph.D Degree) Regulations 2022 -ലെ Clause 6 (1) പ്രകാരമാണ് ഗൈഡ്ഷിപ്പ് അനുവദിക്കുന്നത് എന്ന് കണ്ണൂർ സർവകലാശാല അറിയിച്ചിട്ടുണ്ട്. |
| (സി) | കാലിക്കറ്റ് സർവകലാശാല യൂണിവേഴ്സിറ്റിയിലെ കരാർ അധ്യാപകർക്കും സ്വാശ്രയ കോളേജ് അധ്യാപകർക്കും ഗൈഡ്ഷിപ്പ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത വിഷയത്തിൽ നിയമന, സേവന, വേതന വ്യവസ്ഥയിൽ വ്യത്യാസമില്ലാത്ത ഡിഗ്രി പഠിപ്പിക്കുന്ന അധ്യാപകർക്കും പി.ജി. ഉള്ള വകുപ്പിലെ അധ്യാപകർക്കും തമ്മിൽ കണ്ണൂർ സർവ്വകലാശാലയിൽ മാത്രമായി പ്രത്യേക നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അതെന്ന് വ്യക്തമാക്കുമോ? | (ഡി) | UGC (Minimum Standards and Procedures for Award of Ph.D Degree) Regulations 2022 - 6 (1) പ്രകാരമാണ് സർവകലാശാല ഗൈഡ്ഷിപ്പ് അനുവദിക്കുന്നത് . |

സെക്ഷൻ ഓഫീസർ